## കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം

## കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം.

(ഹാജർ : ഡോ.രത്തൻ.യു.കേൽക്കർ ഐ.എ.എസ്)

വിഷയം :- കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് - ജീവനക്കാര്യം - പി എസ് സി-യുടെ അർഹതാനിർണ്ണയ പരീക്ഷ പാസ്സായി 13% ക്വാട്ടയിൽ കൃഷി ആഫീസർമാരായി പ്രൊമോഷൻ ലഭിയ്ക്കുന്നതിന് യോഗ്യരായ കൃഷി അസിസ്റ്റന്റ് / അസിസ്റ്റന്റ് കൃഷി ആഫീസർമാരുടെയും കാർഷിക ബിരുദം നേടി മൂന്ന് വർഷത്തെ സേവനപരിചയം ഉൾപ്പെടെ പത്തുവർഷത്തെ സേവനം പൂർത്തിയാക്കിയ കൃഷി അസിസ്റ്റന്റ് / അസിസ്റ്റന്റ് കൃഷി ആഫീസർമാരുടെയും സംയുക്ത സീനിയോറിറ്റി പട്ടിക ഭേദഗതി വരുത്തി ഉത്തരവാകുന്നു.

പരാമർശം :- 1) ഈ കാര്യാലയത്തിലെ 04.04.19 തീയതിയിലെ ഇതേ നം. ഉത്തരവ്.
2) പാലക്കാട് പ്രിൻസിപ്പൽ കൃഷി ആഫീസറുടെ 27.03.19 തീയതിയിലെ ഇ (1) 15370/16 നമ്പർ കത്ത്.
3) കാവാലം കഷി ആഫീസറുടെ 26.04.2019 തീയതിയിലെ കെബികെ 1/19 പ്രകാരമുള്ള കത്ത്.
4) കാസർഗോഡ് പ്രിൻസിപ്പൽ കൃഷി ആഫീസറുടെ 22.03.2019 തീയതിയിലെ ഇ (1) 3137/19 നമ്പർ കത്ത്.
5) തൃശ്ശൂർ പ്രിൻസിപ്പൽ കൃഷി ആഫീസറുടെ 18.06.2019 തീയതിയിലെ ഇ (4) 3612/19 നമ്പർ കത്ത്.

## ഉത്തരവ് നം.എസ് ഇ (2) 20168/18 തീയതി, 18.10.2019

പരാമർശം (1) പ്രകാരം പബ്ലിക് സർവ്വീസ് കമ്മീഷന്റെ അർഹതാനിർണ്ണയ പരീക്ഷ പാസ്സായി 13% ക്വാട്ടയിൽ കൃഷി ആഫീസർമാരായി പ്രൊമോഷൻ ലഭിയ്ക്കുന്നതിന് യോഗ്യരായ കൃഷി അസിസ്റ്റന്റ് / അസിസ്റ്റന്റ് കൃഷി ആഫീസർമാരുടെയും, കാർഷിക ബിരുദം നേടി മൂന്ന് വർഷത്തെ സേവന പരിചയം ഉൾപ്പെടെ പത്തു വർഷത്തെ സേവനം പൂർത്തിയാക്കിയ കൃഷി അസിസ്റ്റന്റ് / അസിസ്റ്റന്റ് കൃഷി ആഫീസർമാരുടെയും സംയുക്ത സീനിയോറിറ്റി പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ടി പട്ടികയിലെ ന്യൂനതകൾ സംബന്ധിച്ച് പരാമർശം (2) മുതൽ (5) വരെ അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. ആയത് ബന്ധപ്പെട്ട രേഖകൾ സഹിതം വിശദമായി പരിശോധിച്ച് ചുവടെ പറയും പ്രകാരം ഭേദഗതി വരുത്തുന്നു.

പരാമർശം (2) ലെ അപേക്ഷപ്രകാരം സീനിയോറിറ്റി പട്ടികയിൽ ക്രമ നം.358 ആയി ഉൾപ്പെട്ട ശ്രീ.അബ്ദുൾ ഖാദറിന്റെ പേര് AbdulKhadar.N എന്ന് തെറ്റായി രേഖപ്പെടുത്തിയിട്ടുള്ളത് തിരുത്തി Abdul Kadher.N എന്ന് ഭേദഗതി വരുത്തുന്നു.

പരാമർശം (3) ലെ അപേക്ഷ പരിഗണിച്ച് ക്രമ നം..360 ശ്രീമതി താറ്റ്ച്ചയാണി.സി-യുടെ പേര് Thachayani.C എന്ന് രേഖപ്പെടുത്തിയിട്ടുള്ളത് Thatchayani.C എന്ന് തിരുത്തി ഉത്തരവാകുന്നു.

പരാമർശം (4) ലെ അപേക്ഷ പരിഗണിച്ച് ക്രമ നം.182 ആയി ഉൾപ്പെട്ട ശ്രീ.എ.വി.രാധാകൃഷ്ണന്റെ റിമാർക്സ് കോളത്തിൽ പ്രൊമോഷന് യോഗ്യത നേടുന്ന തീയതി 01/2018 എന്നത് തിരുത്തി 01/2017 എന്ന ഭേദഗതി വരുത്തുന്നു.

പരാമർശം (5) പ്രകാരമുള്ള അപേക്ഷ പരിഗണിച്ച് സീനിയോറിറ്റി പട്ടികയിൽ ക്രമ നം.337 ആയി ഉൾപ്പെട്ട ശ്രീമതി ലിഷ.വി.യു-വിന്റെ ഇനിഷ്യൽ ലിഷ.വി.വി എന്ന രേഖപ്പെടുത്തിയിട്ടുള്ളത് Lisha.V.U എന്ന് തിരുത്തിയും ഉത്തരവാകുന്നു.

മേൽ ഭേദഗതികളോടെ പരാമർശം (1) പ്രകാരമുള്ള ഉത്തരവ് നിലനിൽക്കുന്നതാണ്.

**(ഒപ്പ്)**
**കാർഷിക വികസന കർഷക ക്ഷേമ - വകുപ്പ് ഡയറക്ടർ**

ബന്ധപ്പെട്ട ജീവനക്കാർക്ക്
(പ്രിൻസിപ്പൽ കൃഷി ആഫീസർമാർ മുഖാന്തിരം).

പകർപ്പ് :-

1) ഐ ടി സെൽ - വെബ്സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിന്
2) എസ് ഡി സെക്ഷൻ / കരുതൽ / അധികം.

Junior Superintendent
SE Section
Directorate of Agriculture
Thiruvananthapuram-33

എസ്.എ. 23/10.